പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 597

24/01/2018 ൽ മറുപടിക്ക്

## കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലമുള്ള തൊഴിൽ പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| കേരളത്തിലെ കളിമണ്ണ്, ഓട് വ്യവസായ മേഖലയിലെ അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിൽ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഓട് നിർമ്മാണത്തിനാവശ്യമായ കളിമണ്ണിന്റെ ലഭ്യതക്കുറവ് സംബന്ധിച്ച പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കളിമണ്ണ് നിക്ഷേപത്തിന്റെ ഭൂരിഭാഗവും ഉള്ളത് നെൽവയലുകളിലാണ്. 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്റ്റിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽ നിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നു മാത്രമേ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന അവസ്ഥ സംജാതമായി. കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലം സംസ്ഥാനത്തെ കളിമൺ പാത്ര നിർമ്മാണം, ഓട് നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ നിലനിൽക്കുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, 2008 ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പ്) നികത്തപ്പെട്ട |

ഭൂമിയിൽ നിന്ന് പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിനെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ ജില്ലയിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതിയ്ക്കായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കൂടി പഠനം നടത്തുന്നതിന് ഈ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ടി ജില്ലകളിൽ പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് കണ്ടെത്തുന്ന കളിമൺ നിക്ഷേപങ്ങൾ ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. നിലവിലെ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്റ്റ് എൻവയോൺമന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയിൽ നിന്നും പാരിസ്ഥിതികാനുമതി സമ്പാദിക്കേണ്ടതുണ്ട്. കൂടാതെ ജില്ലാ കളക്ടർ തന്നെ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറിൽ നിന്നും നിരാക്ഷേപ പത്രവും ആവശ്യമാണ്. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം

ആവശ്യമാണെന്ന വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കളിമൺ ഖനനത്തിന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 2 മീറ്റർ വരെ ആഴത്തിൽ കളിമണ്ണ് ഖനനം ചെയ്യുന്നതിന് 22.06.2017 ലെ സ.ഉ.(പി) 25/2017/വ്യവ പ്രകാരം മൈനിംഗ് പ്ലാൻ ഒഴിവാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ പാരിസ്ഥിതികാനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം കൈക്കൊള്ളുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓട് നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളുമായും കളിമൺ വ്യവസായ പ്രതിനിധികളുമായും സർക്കാർ 29.11.2017 ന് ചർച്ച നടത്തുകയും കളിമണ്ണ് ലഭ്യമാക്കുന്നതിന് 20.02.2010 ലെ സ.ഉ.(കൈ) നം. 36/2010/വ്യവ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഖനനാനുമതി നൽകാവുന്നതാണോ എന്ന് പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ